3518/17
26.11.2017

(67)

# വിവരാവകാശ നിയമം 2005

Registered with / AD

പ്രേക്ഷിതൻ,

എ.സി. ചാരുക്കുട്ടി
സെക്രട്ടറി
സി.പി.ഐ.(എം) ബ്രാഞ്ച്കമ്മറ്റി
നാദാക്കോട്ടിൽ ഹൗസ്, നാരോക്കാവ്
പി.ഒ. പാലേമാട്. പിൻ- 679331
എടക്കര - നിലമ്പൂർ
മലപ്പുറം ജില്ല
ഫോൺ: 9495488373







സ്വീകർത്താവ്,

മലപ്പുറം ജില്ലാസാമൂഹ്യ നീതി ഓഫീസർ
(സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ)
ജില്ലാ സാമൂഹ്യനീതി ഓഫീസ്
സിവിൽസ്റ്റേഷൻ - മലപ്പുറം

സാർ,

വിവരാവകാശനിയമം 2005പ്രകാരം താഴെ എഴുതിആവശ്യപ്പെടുന്ന ചോദ്യങ്ങളുടെ വ്യക്തവും സത്യസന്ധവുമായ മറുപടി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായ താങ്കൾ എനിക്ക് സാക്ഷ്യപ്പെടുത്തി അയച്ചുതരണമെന്ന് അപേക്ഷിക്കുന്നു.

**ചോദ്യം:**

1. ശ്രീമതി കെ. സെഫിയ്യ, ICDS സൂപ്പർവൈസർ, ICDS പ്രൊജക്ട് ഓഫീസ് കാളിക്കാവ് എന്നവർ നിലമ്പൂർ താലൂക്ക് പരിധിയിലെ ഏതെല്ലാം ICDS പ്രൊജക്ടിൽ താൽക്കാലികമായും സ്ഥിരമായും മൊത്തം എത്ര വർഷമായി ജോലി ചെയ്തുവരുന്നു. (ഓരോ ICDSകളിലും താൽക്കാലികമായി ജോലി ചെയ്തകാലയളവും, സ്ഥിരമായി ജോലിചെയ്ത കാലയളവും വെവ്വേറെ എഴുതിത്തരണം)
2. ശ്രീമതി. കെ. സെഫിയ്യ എന്നവരെ ICDS പ്രൊജകറ്റിൽ സൂപ്പർവൈസറായി പിൻവാതിലിലൂടെ കരാർ വ്യവസ്ഥയിൽ ആരാണ് നിയമിച്ചിരിക്കുന്നത്. ടിയാളെ കരാർ വ്യവസ്ഥയിൽ നിയമിച്ച ആളുടെ പേരും വിലാസവും ഏതാണ്?
3. ഏത് ICDS പ്രൊജക്ടിലാണ് ടിയാളെ ആദ്യമായി കരാർ വ്യവസ്ഥയിൽ നിയമിച്ചിരിക്കുന്നത്.? ഏത് തിയ്യതിയിലാണ് ടിയാളെ കരാർ വ്യവസ്ഥയിൽ നിയമിച്ചത്?

Contd....Page 2

4. സെഫിയ്യ. കെ എന്നവർക്ക് സാമൂഹ്യനീതി വകുപ്പിൽ സ്ഥിരം ICDS സൂപ്പർവൈസറായി നിയമനം ലഭിച്ചത് ഏത് തിയ്യതിയിലാണ്?

5. സൂപ്പർവൈസർ കെ. സെഫിയ്യ എന്നവർ സൂപ്പർവൈസർ തസ്തികയിലുള്ള പ്രബേഷൻ തൃപ്തികരമായി ഡിക്ലയർ ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏത് തിയ്യതിയിൽ? ഉത്തരവ് നമ്പറും തിയ്യതിയും ഏതാണ്?

6. ശ്രീമതി കെ. സെഫിയ്യ എന്നവർ മറ്റൊരു താലൂക്കിലേക്കോ ജില്ലയിലേക്കോ സ്ഥലം മാറാതെ നിലമ്പൂർ താലൂക്ക് പരിധിയിൽ മാത്രം താൽക്കാലികമായും സ്ഥിരമായും ഇത്രയും കൊല്ലം തുടർച്ചയായി ജോലി ചെയ്യുന്നവിവരം ജില്ലാ സാമൂഹ്യനീതി ഓഫീസർ സാമൂഹ്യനീതി ഡയരക്ടറെ അറിയിച്ചിട്ടുണ്ടായിരുന്നോ?

7. ശ്രീമതി കെ. സെഫിയ്യ എന്നവർ നിലമ്പൂർ അഡീഷണൽ ICDS പ്രൊജക്ടിൽ സൂപ്പർവൈസറായി സേവനമനുഷ്ടിച്ചിരുന്ന അവസരത്തിൽ, പോത്തുക്കൽ ഗ്രാമ പഞ്ചായത്തിൽ 19 വർഷം ജോലി ചെയ്തിരുന്ന റൈസമ്മ എന്ന ഒരു വർക്കറെ ഭീഷണിപ്പെടുത്തി ബലമായി രാജിവെപ്പിച്ച് സൂപ്പർവൈസർ സഫിയ്യ എന്നവരുടെ സ്വന്തക്കാരിയായ ഒരാളെ ടി പോസ്റ്റിൽ നിയമിച്ചതും വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ താൽക്കാലിക അങ്കൺവാടി വർക്കർമാരുടെ റാങ്ക്ലിസ്റ്റിൽ കൃത്രിമം നടത്തി സൂപ്പർവൈസർ ശ്രീമതി കെ. സഫിയ്യ എന്നവരുടെ സ്വന്തക്കാരിയും ഇഷ്ടക്കാരിയും നാട്ടുകാരിയുമായ ബേനസീറ. എൻ എന്നവരെ റാങ്ക്ലിസ്റ്റിൽ ഒന്നാമതാക്കി ഉൾപ്പെടുത്തി പിൻവാതിലിലൂടെ വഴിക്കടവ് ഗ്രാമപഞ്ചായത്തിൽ നിയമിച്ച വിവരവും ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടായിരുന്നോ?

മേൽപറഞ്ഞ ചോദ്യങ്ങൾക്കുള്ള മറുപടി എനിക്ക് എത്രയും പെട്ടെന്ന് അയച്ചു തരണമെന്നപേക്ഷിക്കുന്നു.

പാലേമാട്
17.11.2017

വിശ്വസ്തതയോടെ,

എം.സി. ചാരുക്കുട്ടി (signature) 17/11/017

എ.സി. ചാരുക്കുട്ടി
ഫോൺ: 9495488373